(ഡി) 2019 മുതൽ 2021 വരെ അതിർത്തി തർക്കം, കോടതി കമ്മീഷൻ, മിച്ചഭൂമി, റീ-സർവ്വേ അദാലത്ത് എന്നിങ്ങനെ കൊയിലാണ്ടി താലൂക്ക് സർവ്വേ വിഭാഗത്തിൽ എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കുമോ?

കൊയിലാണ്ടി താലൂക്ക് സർവ്വേ വിഭാഗത്തിൽ അതിർത്തി തർക്കം സംബന്ധിച്ച്-655 അപേക്ഷയും കോടതി കമ്മീഷൻ സംബന്ധിച്ച് 49 അപേക്ഷയും മിച്ചഭൂമി സർവ്വേ സംബന്ധിച്ച് 18 അപേക്ഷയും റീ-സർവ്വേ അദാലത്ത് സംബന്ധിച്ച് 5331 അപേക്ഷകളും നിലവിലുണ്ട്.

(ഇ) കൊയിലാണ്ടി താലൂക്കിൽ ഭൂമി തരംമാറ്റുന്നതിനുവേണ്ടി ഫീസടച്ച എത്ര അപേക്ഷകളുണ്ടെന്ന് അറിയിക്കാമോ?

2019 മുതൽ 2021 വരെ ഭൂമി തരംമാറ്റുന്നതിനുവേണ്ടി 643 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(എഫ്) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും ആയത് എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ?

താലൂക്കിൽ നിലവിൽ ലഭ്യമായ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ടി അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റീ-സർവ്വേ പൂർത്തീകരിക്കാൻ നടപടി

337(2693) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീ-സർവ്വേ ജോലികൾ പൂർത്തിയാക്കിയ വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇനിയും റീ-സർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; റീ-സർവ്വേ എന്നത്തേയ്ക്ക് പൂർത്തിയാക്കാമെന്നും വൈകുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തിയാക്കാൻ ശേഷിക്കുന്ന 757 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ നിലവിൽ പുരോഗതിയിലാണ്. റീ-സർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ റീ-സർവ്വേ ആരംഭിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിനുവേണ്ടിയുള്ള പരസ്യം ചെയ്യൽ, നിലവിലെ റവന്യൂ റിക്കാർഡുകളുടെ കളക്ഷൻ, വില്ലേജ് ബൗണ്ടറി റിഫിക്സിംഗ്, ലൊക്കേഷൻ, ഡിമാർക്കേഷൻ, ഫീൽഡ് ഒബ്സർവേഷൻ, എഫ്.എം.ബി. തയ്യാറാക്കൽ, റിക്കാർഡുകളുടെ സൂക്ഷ്മപരിശോധന തുടങ്ങിയ വിവിധ ഘട്ടങ്ങളിലൂടെ പ്രസ്തുത ജോലികൾ പൂർത്തീകരിച്ചതിനുശേഷം സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രകാരം ഏറ്റവും കുറഞ്ഞത് ഒരു മാസക്കാലയളവിൽ പൊതുജനങ്ങൾക്ക് പ്രസ്തുത റിക്കാർഡുകൾ പരിശോധിക്കുന്നതിനും ഇപ്രകാരം ലഭ്യമാകുന്ന ALC (Appeal Land Compliant) അപേക്ഷകളിൽ ആവശ്യമായവയിൽ ഫീൽഡ് പരിശോധനകൂടി നടത്തി പ്രസ്തുത മാറ്റങ്ങൾ വരുത്തിയ ഫൈനൽ റിക്കാർഡുകൾ സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയശേഷം റവന്യൂ ഭരണത്തിന് കൈമാറുന്നു. ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്വർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനംകൂടി വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI)-ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ റീ-സർവ്വേ ജോലികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

(സി) റീ-സർവ്വേ പ്രവർത്തനങ്ങൾക്കുവേണ്ട സംവിധാനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്നും ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കളക്ടറേറ്റുകളുമായി ബന്ധപ്പെട്ട് രണ്ട് ജോയിന്റ് ഡയറക്ടർമാരേയും മറ്റ് ജില്ലകളിൽ 12 സർവ്വേ ഡെപ്യൂട്ടി ഡയറക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി 14 ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ സൂപ്രണ്ടുമാരും അതത് കളക്ടറേറ്റുകളിൽ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ രണ്ട് അസിസ്റ്റന്റ് ഡയറക്ടർമാരും മറ്റ് ജില്ലകളിൽ ഓരോ സർവ്വേ അസിസ്റ്റന്റ് ഡയറക്ടർമാരും റീ-സർവ്വേ സംബന്ധിച്ച സാങ്കേതികവും ഭരണപരവുമായ നിയന്ത്രണത്തിനായുണ്ട്. ഇവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി സർവ്വേ സൂപ്രണ്ടുമാരും വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ സർവ്വേ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനും മാപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനുമായി അസിസ്റ്റന്റ് ഡയറകടർമാരുടെ ചുമതലയിൽ തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു സെൻട്രൽ സർവ്വേ ഓഫീസും, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ മാപ്പിംഗ് ഓഫീസുകളും നിലവിലുണ്ട്. റിക്കാർഡുകൾ ഡിജിറ്റൈസേഷൻ ചെയ്യുന്നതിനായി 14 ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകളും തിരുവനന്തപുരം ആസ്ഥാനമായി ഒരു സെൻട്രൽ ഡിജിറ്റൈസേഷൻ സെന്ററും നിലവിലുണ്ട്. പ്രസ്തുത സെന്ററുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ആധുനിക ഉപകരണങ്ങളും ഉപയോഗിച്ച് റീ-സർവ്വേ റിക്കാർഡുകൾ ഡിജിറ്റൽ രീതിയിൽ തയ്യാറാക്കി പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖേന ലഭ്യമാക്കത്തവിധം റിക്കാർഡുകൾ തയ്യാറാക്കിവരുന്നു. സംസ്ഥാനമൊട്ടാകെയുള്ള പ്രസ്തുത സംവിധാനങ്ങളും സൗകര്യങ്ങളും ഉപയോഗിച്ച് റീ-സർവ്വേ പ്രവർത്തനം നിർവഹിക്കുന്നു. സംസ്ഥാനത്തെ റീ-സർവ്വേ പ്രവർത്തനങ്ങൾക്കായുള്ള അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളുടെയും സർവ്വേ സൂപ്രണ്ടാഫീസുകളുടെയും ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു *.

(ഡി) റീ-സർവ്വേ പ്രവർത്തനങ്ങൾക്കുവേണ്ട ചെലവ് എത്രയാണെന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്നും ഇതിനകം ഓരോ ജില്ലയും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

റീ-സർവ്വേ പ്രവർത്തനങ്ങൾക്കുവേണ്ട ചെലവ് എത്രയാണെന്ന് കൃത്യമായി ഓരോ വില്ലേജിനും മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കുകയില്ല. നാളിതുവരെ ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയും പ്രസ്തുത ജില്ലകളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) റീ-സർവ്വേ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫിന്റെ അപര്യാപ്തത ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ?

ജില്ലകളിലെ റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വേ, പട്ടയ സർവ്വേ കൂടാതെ സർക്കാരിന്റെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾക്കുമായി നിയോഗിക്കുന്നതിനാൽ റീ-സർവ്വേ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നുണ്ട്. ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്‌വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനം കൂടി വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI)-ൽനിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ റീ-സർവ്വേ ജോലികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

റീ-സർവ്വേ

338(2694) ശ്രീ. പി.പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റീ-സർവ്വേ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) റീ-സർവ്വേ നടക്കുന്നതിൽത്തന്നെ പാകപ്പിഴകൾ വരുന്നത് പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റീ-സർവ്വേ അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കാനും പാകപ്പിഴകൾ ഒഴിവാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദമാക്കാമോ?

റീ-സർവ്വേ അപാകത സംബന്ധിച്ച അപേക്ഷകൾ നിലവിലുള്ള സർക്കാർ ഉത്തരവിനുവിധേയമായി മുൻഗണനാക്രമം പാലിച്ചാണ് തീർപ്പുകൽപ്പിച്ചുവരുന്നത്. ടി അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് സ്ഥലപരിശോധന അനിവാര്യമാണ്. കുട്ടനാട് പോലുള്ള താലൂക്കുകളിൽ നിലങ്ങളും തണ്ണീർത്തടങ്ങളും കൂടുതലുള്ളതിനാൽ കാലാവസ്ഥാനുസൃതമായി വെള്ളം കയറുമ്പോഴും കൃഷി നടക്കുന്ന സമയങ്ങളിലും സ്ഥലപരിശോധന നടത്തി തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ കോവിഡ്-19 മഹാമാരിയും ഇത്തരത്തിലുള്ള കാലതാമസത്തിന് ആക്കം

LIBRARY ARCHIVES Kerala Legislative Assembly